| | | |
|---|---|---|
| **QP Code:** D133854 | **Total Pages:** 1 | **Name:** |
| | | **Register No.** |

## THIRD SEMESTER UG DEGREE EXAMINATION, NOVEMBER 2025

**(CUFYUGP)**

**MAL3CJ201/ MAL3MN200** മലയാള നോവൽപരിചയം **(Introduction to Malayalam Novel)**

**2024 Admission onwards**

**Maximum Time :2 Hours** | **Maximum Marks :70**

## Section A

**All Questions can be answered. Each Question carries 3 marks (Ceiling : 24 Marks)**

| | |
|---|---|
| 1 | മിസ്സിസ്സ് കോളിൻസിന് മലയാള നോവൽചരിത്രത്തിലുള്ള പ്രാധാന്യമെന്ത്? |
| 2 | കുറിപ്പെഴുതുക - കുന്ദലത |
| 3 | എന്താണ് ചരിത്രാഖ്യായിക ? രണ്ട് ഉദാഹരണങ്ങൾ കണ്ടെത്തുക. |
| 4 | സരസ്വതീവിജയം എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക. |
| 5 | മലയാളനോവലിന്റെ നവോത്ഥാനഘട്ടത്തിലെ മൂന്ന് കൃതികളെയും രചയിതാക്കളെയും പരിചയപ്പെടുത്തുക. |
| 6 | തങ്കത്തിന്റെ പഠിപ്പ് മുടങ്ങിയത് എങ്ങനെ? |
| 7 | ഖസാക്കിന്റെ ഇതിഹാസം എന്ന നോവലിലെ ഏതെങ്കിലും ഒരു കഥാപാത്രത്തെ പരിചയപ്പെടുത്തുക. |
| 8 | "മരണം രംഗബോധമില്ലാത്ത കോമാളിയാണ് " ആരുടെ വാക്കുകൾ ? സന്ദർഭമെന്ത്? |
| 9 | എന്താണ് ജനപ്രിയനോവലുകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? |
| 10 | സ്ത്രൈണമായ സ്വത്വരാഷ്ട്രീയത്തിന്റെ അനവധി മുദ്രകൾ കല്യാണി എന്നും ദാക്ഷായണി എന്നും പേരായ രണ്ട് സ്ത്രീകളുടെ കഥ എന്ന കൃതിയിൽ അടയാളപ്പെട്ടു കിടക്കുന്നു. ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക. |

## Section B

**All Questions can be answered. Each Question carries 6 marks (Ceiling : 36 Marks)**

| | |
|---|---|
| 11 | ആർച്ച് ഡീക്കൻ കോശി മലയാള നോവൽചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നത് എങ്ങനെ? |
| 12 | പഞ്ചുമേനോൻ എന്ന കഥാപാത്രത്തെ മുൻനിർത്തി ഇന്ദുലേഖ നോവലിലെ സാമൂഹികഘടകങ്ങൾ വിശകലനം ചെയ്യുക. |
| 13 | മലയാളത്തിലെ ആദ്യ ദളിത് നോവൽ എന്ന വിശേഷണം സരസ്വതീവിജയത്തിന് എപ്രകാരം ഇണങ്ങിയിരിക്കുന്നു? വിശദമാക്കുക. |
| 14 | 'രണ്ടിടങ്ങഴി നോവലിലെ 'ചിരുത ' മലയാളനോവലിലെ മാറ്റേറിയ ഒരു കഥാപാത്രമാണ്.' പ്രസ്താവനയുടെ സാധുത പരിശോധിക്കുക. |
| 15 | 'നാല്പതുവർഷക്കാലത്തെ സാമൂഹികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങളുടെ ഓർമ്മക്കുറിപ്പുകൂടിയാണ് ഈ നോവൽ'. നോവലിസ്റ്റിന്റെ അഭിപ്രായം ഏത് കൃതിയെക്കുറിച്ചാണ്? ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക. |
| 16 | നവോത്ഥാനനോവലിന്റെ പൊതുസവിശേഷതകൾ വിശദമാക്കുക. |
| 17 | 'ഖസാക്കിന്റെ ഇതിഹാസം' ആധുനികതയുടെ ആകാശത്തിലെ ഒറ്റപ്പെട്ട ധ്രുവനക്ഷത്രമാകുന്നത് എന്തുകൊണ്ട്? |
| 18 | പൈങ്കിളി എന്ന സംജ്ഞയുടെ വിവക്ഷയും വിമർശനവും മൗലികമായി അടയാളപ്പെടുത്തുക. |

## Section C

**Answer any ONE .Each Question carries 10 marks (1x10=10 Marks)**

| | |
|---|---|
| 19 | സമകാല മലയാളനോവലുകളുടെ സവിശേഷതകൾ പാഠഭാഗങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക. |
| 20 | ആധുനിക നോവലുകളിൽ കാണപ്പെടുന്ന ഭാവുകത്വപരമായ സവിശേഷതകൾ പാഠഭാഗങ്ങളെ മുൻനിർത്തി വിശദീകരിക്കുക. |

670321